## സർക്കുലർ

സർക്കുലർ നം .എൻഎച്ച്എം /3813/JC(SD)/2021/SPMSU തീയതി . 12/08/2025

വിഷയം : എൻഎച്ച്എം- ആശ സോഫ്റ്റ്‌വെയർ- ഡാറ്റ എൻട്രി- സംബന്ധിച്ച്.

ആശമാരുടെ പ്രതിമാസ ഫീൽഡ് തല പ്രവർത്തനങ്ങൾ രേഖപ്പെടുത്തി ഇൻസെന്റീവും ഹോണറേറിയവും 2012 മുതൽ ecman എന്ന സോഫ്റ്റ് വെയർ വഴിയാണ് നൽകി വരുന്നത്. എന്നാൽ സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ ആശ സോഫ്റ്റ് വെയർ എൻഎച്ച്എം വികസിപ്പിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് ഡാറ്റ എൻട്രി മുതൽ പുതിയ സോഫ്റ്റ്‌വെയർ മുഖാന്തരമാണ് ആശമാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ രേഖപ്പെടുത്തേണ്ടത്.

പുതിയ ആശ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ജനകീയ ആരോഗ്യ കേന്ദ്ര തലത്തിലും, റിപ്പോർട്ട് പരിശോധന സൂപ്പർവൈസർ തലത്തിലും, റിപ്പോർട്ട് അംഗീകാരം സ്ഥാപന മേധാവി എന്നി ഇങ്ങനെ 3 തലങ്ങളിലായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഘട്ടം 1 - ജനകീയ ആരോഗ്യ കേന്ദ്ര തലം :

ആശമാർ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ വാർഡ് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആശമാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ എന്നത് പൊതുജനാരോഗ്യ പ്രവർത്തനങ്ങളായ മാതൃ -ശിശു സംരക്ഷണം, സാംക്രമിക-സംക്രമികേതര രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, സാമൂഹിക- മാനസിക പിന്തുണ പ്രവർത്തനങ്ങൾ മുതലായവയാണ്. ആയതിനാൽ ജനകീയ ആരോഗ്യ കേന്ദ്ര ടീമാണ് ആശമാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ നിരീക്ഷിച്ച ആശ സോഫ്റ്റ് വെയറിൽ എൻട്രി നൽകേണ്ടത്. എല്ലാം മാസവും 25 ന് ഉള്ളിൽ എല്ലാ ആശമാരും അവരുടെ പ്രതിമാസ ഫീൽഡ് തല റിപ്പോർട്ട് ജനകീയആരോഗ്യ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ് . ആശമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് (JPHN ) മാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി JPHN മാരും, ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ (JHI ) മാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി JHI മാരും, മിഡ് ലെവൽ

സർവീസ് പ്രൊവൈഡർ (MLSP) മാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി MLSP മാരുമാണ് ചെയ്യേണ്ടത്.

ഘട്ടം-2 - സൂപ്പർവൈസർ തലം

ജനകീയ ആരോഗ്യ കേന്ദ്ര തലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ സൂപ്പർവൈസർ തലത്തിൽ പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നു. പബ്ലിക് ഹെൽത്ത് നഴ്സ് (PHN), ഹെൽത്ത് ഇൻസ്പെക്ടർ (HI) എന്നിവരാണ് സൂപ്പർവൈസർ തലത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കേണ്ടത്. PHN മാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി PHN മാരും, HI മാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി HI മാരുമാണ് പരിശോധിക്കേണ്ടത്. MLSP മ്മാർ എന്റർ ചെയ്തിട്ടുള്ള വിവരങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ചാർജ്ജുള്ള സൂപ്പർവൈസറാണ് പരിശോധിക്കേണ്ടത്.

ഘട്ടം-3 - **സ്ഥാപന മേധാവി**

സൂപ്പർവൈസർ തലത്തിൽ പരിശോധിച്ച് വന്നിട്ടുള്ള റിപ്പോർട്ട് സ്ഥാപന മേധാവി സ്ഥിരീകരിച്ച് അംഗീകരിക്കുന്നതോടു കൂടി ആശയുടെ പ്രതിമാസ റിപ്പോർട്ട് എൻട്രി പൂർത്തീകരിക്കുന്നതാണ്.

**മറ്റ് നിർദ്ദേശങ്ങൾ**

1. എല്ലാം മാസവും 25 ന് ഉള്ളിൽ എല്ലാ ആശമാരും അവരുടെ പ്രതിമാസ ഫീൽഡ് തല റിപ്പോർട്ട് ജനകീയആരോഗ്യ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.
2. എല്ലാ മാസവും 26 മുതലുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ആശ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രിയും, അടുത്ത 3 പ്രവർത്തി ദിവസങ്ങളിൽ ഡാറ്റ വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ഡാറ്റ വെരിഫിക്കേഷനു ശേഷം 2 പ്രവർത്തി ദിവസത്തിനുള്ളിൽ റിപ്പോർട്ട് അപ്രൂവൽ ചെയ്യേണ്ടതാണ്.
3. JPHN, JHI, MLSP എന്നിവർ അതാത് എൻട്രി സമയബന്ധിതമായി പൂർത്തീകരിച്ച് അടുത്ത ഘട്ട പരിശോധനയ്ക്കായി സൂപ്പർവൈസറി തലത്തിലേക്ക് സമർപ്പിക്കേണ്ടത് JPHN ആണ്.
4. ഡാറ്റ വെരിഫിക്കേഷൻ PHN, HI എന്നിവർ പൂർത്തികരിച്ച് MO യുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ് സമർപ്പിക്കേണ്ടത് PHN ആണ്

5. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ JPHN,JHI,MLSP ഇല്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത പ്രവർത്തനങ്ങൾ സോഫ്റ്റ് വെയറിൽ എൻട്രി നടത്തേണ്ടത് താൽകാലിക ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.
6. സ.ഉ .( സാ.ധാ ) നം.1816 / 2023 / എച്ച് & എഫ് എഫ്ഡബ്ല്യു തിയതി 24 .07 .2023 പ്രകാരം അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ചാർജ്ജുള്ള സൂപ്പർവൈസറാണ് ആദ്യ ഘട്ടത്തിൽ MLSP എന്റർ ചെയ്തിട്ടുള്ള വിവരങ്ങൾ സൂപ്പർവൈസറി തലത്തിൽ പരിശോധിക്കേണ്ടത്.
7. ആശ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി നടക്കുന്നത് മുതൽ അംഗീകാരം വരെയുള്ള തലങ്ങളിലെ ഡാറ്റ എൻട്രിയുടെ പ്രോഗ്രസ് വിലയിരുത്തി തെറ്റ് ഉണ്ടെങ്കിൽ അതാത് തലത്തിൽ അറിയിക്കേണ്ടത് ബ്ലോക്ക് / ഇന്സ്റ്റിട്യൂഷൻ പി ആർ ഒ, ജില്ലാ ആശ കോഡിനേറ്റർ എന്നിവരുടെ ചുമതലയാണ്.
8. ഒരു ജില്ലയിൽ നിന്നും 6 പേര് വീതം അടങ്ങുന്ന മാസ്റ്റർ ട്രെയിനിങ് ഗ്രൂപ്പിനെ പരിശീലിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പിനെ ഉപയോഗിച്ച് ജില്ലയിൽ 2025 ഓഗസ്റ്റ് 23 ന മുൻപ് പരിശീലനം പൂർത്തീകരിക്കേണ്ടതാണ്. പരിശീലനത്തിന് ആവശ്യമായി വരുന്ന തുക എൻ.എച്ച്.എം ROP യിലെ 159 (Capacity Building & Training (e) ) എന്ന ശീർഷകത്തിൽ നിന്നും എടുക്കാവുന്നതാണ്.
9. പുതിതയായി തിരഞ്ഞെടുക്കുന്ന ആശമാരെ സോഫ്റ്റ്വെയർ ആദ്യമായി എൻറോൾമെൻറ് ( Enrolment ) ചെയ്യേണ്ടത് JPHN ന്റെ ഉത്തരവാദിത്തമാണ്.
10. ഒരു ആശയെ മറ്റ് ഒരു വാർഡിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടി വരുമ്പോൾ അത് സോഫ്റ്റ്വെയറിൽ ട്രാൻസ്ഫർ ( Transfer) ചെയ്യേണ്ടത് JPHN ന്റെ ഉത്തരവാദിത്തമാണ്.
11. ആശ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രിയും പരിശോധനയും ആരൊക്കെ എന്ന് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

12/8/2025

ഡയറക്ടർ , ആരോഗ്യ വകുപ്പ് I/C

സ്റ്റേറ്റ് മിഷൻ ഡയറക്ടർ ,എൻഎച്ച്എം

സ്വീകർത്താവ് ,

ജില്ലാ മെഡിക്കൽ ഓഫീസർമാർ

ജില്ലാ പ്രോഗ്രാം മാനേജർമാർ

എല്ലാ സ്ഥാപന മേധാവികളും

പകർപ്പ്

ജില്ലാ ആശാ കോഓർഡിനേറ്റർ , എല്ലാ ജില്ലകളും

ജൂനിയർ കൺസൾട്ടന്റ് ( എച്ച് .ഡബ്ല്യ .സി ) എല്ലാ ജില്ലകളും

അനുബന്ധം

ജനകീയ ആരോഗ്യ കേന്ദ്ര തലം : JPHN

സൂപ്പർവൈസർ തലം : PHN

| പെർഫോമൻസ് ഇൻസെന്റീവ് | | | |
|---|---|---|---|
| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർഘ്യം |
| 1 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | ജെ.എസ്സ്.വൈ-1 | മാസം തോറും |
| 2 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | ജെ.എസ്സ്.വൈ-2 | മാസം തോറും |
| 3 | ശിശു ആരോഗ്യ സംരക്ഷണം (Child Health) | HBNC (Home Based New Born Care ) - ഭവന കേന്ദ്രീകൃത നവജാത ശിശു പരിപാലനം (45 ദിവസത്തെ തുടർ പരിചരണത്തിന്) | മാസം തോറും |
| 4 | ശിശു ആരോഗ്യ സംരക്ഷണം (Child Health) | HBYC ( Home Based care for Young Child) ഭവന കേന്ദ്രീകൃത ശിശു പരിപാലനം | മാസം തോറും |
| 5 | ന്യൂട്രീഷൻ (Nutrition) | MAA Programme | മൂന്നുമാസത്തിൽ ഒരിക്കൽ |
| 6 | ന്യൂട്രീഷൻ (Nutrition) | NRC- ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്റർ റിയിലേക്ക് റഫർ ചെയ്യുന്നതിന് | മാസം തോറും |
| 7 | ന്യൂട്രീഷൻ (Nutrition) | NRC- ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്റർ യിൽൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത കുട്ടിയുടെ തുടർപരിചരണത്തിനായി ഭവന സന്ദർശനം നടത്തുന്നതിന് | മാസം തോറും |
| 8 | ന്യൂട്രീഷൻ (Nutrition) | NDD- ദേശീയ വിരവിമുക്ത പരിപാടി | ആറുമാസത്തിൽ ഒരിക്കൽ |
| 9 | ന്യൂട്രീഷൻ (Nutrition) | IDCF - ഇന്റെൻസിഫൈഡ് ഡയറികൺട്രോ ൾ ഫോർട്ട് നൈറ്റ് | വർഷത്തിൽ |
| 10 | ന്യൂട്രീഷൻ (Nutrition) | NIPI- National Iron Plus Initiative (കുട്ടികൾക്ക്) | മാസം തോറും |
| 11 | ന്യൂട്രീഷൻ (Nutrition) | NIPI- National Iron Plus Initiative (സ്ത്രീകൾക്ക്) | മാസം തോറും |
| | ഇമ്മ്യൂണൈസേഷൻ (Immunization) | പ്രതിരോധ കുത്തിവെയ്പുകൾ & വിറ്റാമിൻ | മാസം തോറും |

| | | | |
|---|---|---|---|
| 12 | | എ) | |
| 13 | ഇമ്മ്യൂണൈസേഷൻ (Immunization) | പൂർണ്ണപ്രതിരോധ കുത്തിവെയ്പ്പുകൾ (ഒരു വയസ്സുവരെ) | മാസം തോറും |
| 14 | ഇമ്മ്യൂണൈസേഷൻ (Immunization) | പൂർണ്ണപ്രതിരോധ കുത്തിവെയ്പ്പുകൾ (രണ്ട് വയസ്സുവരെ) | മാസം തോറും |
| 15 | ഇമ്മ്യൂണൈസേഷൻ (Immunization) | 5 -6 വയസ്സിനുള്ളിലുള്ള ഡി പി ടിബൂസ്റ്റർ | മാസം തോറും |
| 16 | കുടുംബാസൂത്രണം (Family Planning) | വന്ധ്യംകരണ ശസ്ത്രക്രിയ/പി പി എസ് | മാസം തോറും |
| | | | മാസം തോറും |
| 17 | കുടുംബാസൂത്രണം (Family Planning) | PPIUCD- ( Post-Partum Intrauterine Contraceptive Device ) സർക്കാർ/സ്വകാര്യ | മാസം തോറും |
| 18 | കുടുംബാസൂത്രണം (Family Planning) | PAIUCD- ( Post-Abortion Intrauterine Contraceptive Device ) സർക്കാർ/സ്വകാര്യ | മാസം തോറും |
| 19 | കുടുംബാസൂത്രണം (Family Planning) | ഗർഭ നിരോധന ഇഞ്ചക്ഷൻ ( ANTARA ) | മാസം തോറും |
| 20 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | PMSMA – Pradhan Mantri Surakshit Matritva Abhiyan (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി) | മാസം തോറും |
| 21 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | PMSMA – Pradhan Mantri Surakshit Matritva Abhiyan (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി) | മാസം തോറും |
| 22 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | Post-Natal Care for High Risk Mothers during HBNC ( പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അമ്മമാരുടെ പരിചരണം) | മാസം തോറും |
| 23 | അദർ കമ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | ABHA ID Creation | മാസം തോറും |

| നിശ്ചിത ഇൻസെന്റീവ് (Fixed Incentive) | | | |
|---|---|---|---|
| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർ ഘ്യം |

| | | | |
|---|---|---|---|
| 1 | അദർ കമ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | ആശയുടെ പ്രവർത്തനമേഖലയിലെ തുടർച്ചയായ 50 വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക | മാസം തോറും |
| | | ആശയുടെ പ്രവർത്തനമേഖലയിലെ 50 മുൻഗണന വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക (ഗർഭിണികള്, ഒറ്റക്ക് താമസിക്കുന്നവർ, കിടപ്പിലായവര്, അതിദരിദ്രർ) | |
| | | വീടുകളുടെ എണ്ണം 100 ല് താഴയുള്ള ഊരുമിത്രം ആശമാര് അവരുടെ എല്ലാ വീടുകളിലും സന്ദർശനം നടത്തിയാല് മേല് പറഞ്ഞ ഇൻസെൻറീവ് നൽകേണ്ടതാണ് | |
| 2 | സമഗ്ര പ്രാഥമിക ആരോഗ്യ സംരക്ഷണം (Comprehensive Primary Health Care) | വെൽ വുമൺ ക്ലിനിക്ക് | |

ജനകീയ ആരോഗ്യ കേന്ദ്ര തലം : JHI

സൂപ്പർവൈസർ തലം : HI

| പെർഫോമൻസ് ഇൻസെന്റീവ് | | | |
|---|---|---|---|
| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർഘ്യം |
| 1 | കമ്യൂണിറ്റി എൻഗേജ്മെന്റ് (Other Community Engagement) | പഞ്ചായത്ത് /ആശുപത്രിതല അവലോകന യോഗം | മാസം തോറും |
| 2 | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | ശൈലി (State Health Initiative for Life Style Intervention) (വർഷികാരോഗ്യ പരിശോധന ) | ശൈലി സോഫ്റ്റ്വെയർ ഓപ്പൺ ചെയ്യുന്നത് മുതൽ |
| 3 | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | NPCB- National Programme for Control of Blindness | മാസം തോറും |
| 4 | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | NLEP- National Leprosy Eradication Programme ( Condition 1) | മാസം തോറും |
| 5.a | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | NLEP- National Leprosy Eradication Programme ( Condition 2) | മാസം തോറും |
| 5.b | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | NLEP- National Leprosy Eradication Programme ( Condition 3) | മാസം തോറും |
| 6 | നാഷണൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NDCP) | മലേറിയ നിർമാർജനം | മാസം തോറും |
| 7 | നാഷണൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NDCP) | എൻ.ഐ.ഡി.ഡി .സി പ്രോഗ്രാം ( കൊല്ലം , പാലക്കാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ ) | കിറ്റിന്റെ ലഭ്യതയെ അടിസ്ഥാനമാക്കി- മാസം തോറും |

| | | | |
|---|---|---|---|
| 8 | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | സമ്പൂർണ്ണ മാനസിക ആരോഗ്യ പരിപാടി | മാസം തോറും |

**നിശ്ചിത ഇൻസെന്റീവ് (Fixed Incentive)**

| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർഘ്യം |
|---|---|---|---|
| 1 | അദർ കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Other Community Engagement) | വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക | മാസം തോറും |
| | | വാർഡ് അവലോകന യോഗം നടത്തുക | |
| | | മാതൃസ്ഥാപനത്തിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക | |
| 2 | സമഗ്ര പ്രാഥമിക ആരോഗ്യ സംരക്ഷണം (Comprehensive Primary Health Care) | എൻ.സി.ഡി ക്ലിനിക്ക് | |

ജനകീയ ആരോഗ്യ കേന്ദ്ര തലം : MLSP

സൂപ്പർവൈസർ തലം : സ.ഉ .( സാ.ധാ ) നം.1816 / 2023 / എച്ച് & എഫ് എഫ്ഡബ്ല്യൂ തിയതി 24 .07 .2023 പ്രകാരം

| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർഘ്യം |
|---|---|---|---|
| | പെർഫോമൻസ് ഇൻസെന്റീവ് | | |
| 1 | കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | മൊബൈൽ ഫോൺ അലവൻസ് | മാസം തോറും |
| 2 | കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | പി എം ജെ ജെ ബി വൈ (ആശയുള്ള സാമൂഹിക സുരക്ഷാ പദ്ധതി) | വർഷത്തിലൊരിക്കൽ |
| 3 | കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | പി എം എസ് ബി വൈ (ആശയുള്ള സാമൂഹിക സുരക്ഷാ പദ്ധതി) | വർഷത്തിലൊരിക്കൽ |
| 4 | കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | പി എം എസ് വൈ എം (ആശയുള്ള സാമൂഹിക സുരക്ഷാ പദ്ധതി) | മാസം തോറും |

**നിശ്ചിത ഇൻസെന്റീവ് (Fixed Incentive)**

| നമ്പർ | പ്രോഗ്രാം | ഇൻസെന്റീവ് | ദൈർഘ്യം |
|---|---|---|---|
| 1 | അദർ കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | ജനകീയ ആരോഗ്യകേന്ദ്രത്തില് നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക | മാസം തോറും |
| 2 | സമഗ്ര പ്രാഥമിക ആരോഗ്യ സംരക്ഷണം (Comprehensive | വിഷയാധിഷ്ഠിത ക്ലിനിക്ക് | മാസം തോറും |

| | | | |
|---|---|---|---|
| | Primary Health Care) | | |